16-ാം വയസ്സിലേക്ക്

സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു:
സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ.
അവളുടെ ശിരസ്സിൽ പന്ത്രണ്ടുനക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം
(വെളിപാട് 12:1)




# ടച്ച് മീ

TOUCH ME

സെപ്തംബർ 2023

# സ്മരണാഞ്ജലി

ഒന്നാം ചരമവാർഷികം



ജനനം
22 – 10 – 1942

മരണം
22 – 09 – 2022

## ഒലക്കേങ്കിൽ കുഞ്ഞുവറീത്

## ജോസഫ്

നെഹ്റു നഗർ 8th അവന്യു

കുന്നംകുളം

ഭാര്യ, മക്കൾ, മരുമക്കൾ & പേരക്കുട്ടികൾ

സ്മരണകളോടെ...

സെല്ലി ഗ്രൂപ്പ്, കുന്നംകുളം




# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 16 – 2023 സെപ്തംബർ – ലക്കം : 1

സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത

kunnamkulamch@adtcr.org

www.touchmekkm.in

ESTD : 1747





## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

**ഫാ. ദാവീദ് വിതയത്തിൽ**

70120 43479

എഡിറ്റർ

**ജോണി ബെഷോ**

93493 79009

സബ്ബ് എഡിറ്റേഴ്സ്

**സിസ്റ്റർ അൻസ ജോസ്** CMC

80869 50771

**M.K. ദേവസ്സി**

94953 28758

**ജോൺസൺ പാവു**

94476 54230

സെക്രട്ടറി, ഇടവക PRO

**V.C. ജോസി**

98470 17297

E-mail : vcjosy@gmail.com

ട്രഷറർ

**M.L. സുനിൽ**

98464 34411

അംഗങ്ങൾ

ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ

**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ടച്ച് - മീ നാൾവഴികളിലൂടെ | 4 |
| നന്നാകുക... ഒന്നാകുക... | 6 |
| വിശ്വാസപരിശീലനം | 7 |
| സഭാ വാർത്തകൾ | 10 |
| കർത്താവേ, ഇതാ ഞാൻ | 12 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| വിധിക്കപ്പെടാതിരിക്കാൻ | 18 |
| ഈശോ എന്റെ എല്ലാം | 20 |
| കണ്ണിൽ കേട് നോക്കിയാൽ... | 23 |
| പുസ്തക പരിചയം | 25 |
| അനുബന്ധം 4 സ്മരണീയമായ... | 26 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**

**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

തൊട്ടു സുഖപ്പെടുത്തുന്നവന്റെ കരസ്പർശത്തിന്റെ കാതൽ ഉൾക്കൊണ്ട് ടച്ച്-മീ പതിനാറാം വർഷത്തിൽ എത്തി നിൽക്കുകയാണ്. പ്രളയകാലങ്ങൾക്ക് ശേഷം ചക്രവാളത്തിൽ തെളിയുന്ന മഴവില്ല്പോലെ കൂടുതൽ ശോഭയോടെ കാലമാകുന്ന തോണിയിൽ ഒരു തുഴപ്പാടുകൂടി മുന്നോട്ട്...!

കടന്നുവന്ന വഴികളിൽ മുളപൊട്ടിയ സ്നേഹത്തിന്റെ വിത്തുകൾക്ക്... കരുണയുടെ ഇടയ സ്പർശങ്ങൾക്ക്... കാതലുള്ള വാക്കിന്റെ വിനയമായവർക്ക്... സത്യത്തിന്റെ പച്ചകുത്തിയ തൂലികാ സ്പർശങ്ങൾക്ക്... കാഴ്ചയുടെ കാർണിവെൽ ഒരുക്കിയവർക്ക് നന്ദി... നന്ദിമാത്രം...

അത്ഭുതങ്ങൾക്ക് കാരണമായ ക്രിസ്തുവിന്റെ സ്പർശങ്ങൾ അക്ഷരങ്ങളിലേക്ക് ആവാഹിച്ച് ഹൃദയ വയലുകളിലേക്ക് ആത്മീയ മഴയുടെ തുള്ളികളായി പെയ്തിറങ്ങിയ 16 സംവത്സരങ്ങൾ... മധുര പതിനാറിന്റെ അഴകിലും നിറവിലും നിൽക്കുമ്പോൾ ആത്മീയതയുടെ ഈ പച്ചപ്പിന് കൗമാരത്തിന്റെ തീക്ഷ്ണതയും ബാല്യത്തിന്റെ നിഷ്കളങ്കതയും ഒരുപോലെ കൈമുതലായുണ്ട്.

കനിവും തെളിവും ആയി ഒറ്റനൂലിൽ കൊരുത്ത ജപമണികൾ പോലെ ഒരിടയന്റെ തണലിൽ ഒരിടവകയുടെ കൂട്ടിൽ നാം തൊട്ട് തൊട്ട് തൊട്ടടുത്തിരിക്കുമ്പോൾ നേരിന്റെ നോട്ടം കൊണ്ടും പുഞ്ചിരികൊണ്ടും അത്ഭുതത്തിന്റെ വിരുന്നൊരുക്കുന്ന സ്നേഹ സ്പർശങ്ങൾ ആവാൻ നമുക്ക് കഴിയട്ടെ...

ആഴമുള്ള മനനത്തിന്റെ ശീതളിമയുള്ള അകക്കാമ്പുമായി "ടച്ച്-മീ" ഇനിയും ഇനിയും മുന്നേറട്ടെ...! നമ്മുടെ സ്വരമായി....! നന്മയുടെ സ്വരമായി...! "ടച്ച്-മീ"യിലെ കാതൽ ഉള്ളുതൊടുമ്പോൾ, സാൻഡ് പേപ്പർ തൊട്ടാൽ എന്നപോലെ തിന്മയുടെ ചെതുമ്പലുകൾ അടർന്നടർന്ന് മിഴിയും മനവും മുത്തുപോലെ തിളങ്ങട്ടെ..

ഏവർക്കും പരിശുദ്ധ അമ്മയുടെ ജനനതിരുനാളിന്റേയും വിശുദ്ധ കുരിശിന്റെ പുകഴ്ചയുടേയും തിരുനാൾ ആശംസകൾ...

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



## ഇടയമൊഴി

# സ്മാർട്ട് ഫോണും... ഞാനും

വാർത്ത മാധ്യമങ്ങളുടെ വിസ്ഫോടനം...
ഗൂഗിൾ, ഫേസ്ബുക്ക്, വാട്സാപ്പ്, ടിറ്റർ...
ഈ ലോകത്തോട് വിളിച്ച് പറയാനും,
ഈ ലോകത്തിൽ നിന്ന് പരതിയെടുക്കാനും,
ഒത്തിരിയേറെ സാധ്യതകൾ.
വിളിച്ച് പറയുന്നതും, തെരഞ്ഞെടുക്കുന്നതും
നല്ലതുമാത്രമാകേണ്ടേ?
വീഡിയോ ഗെയിമിൽ തല പൂഴ്ത്തിയിരിക്കുന്ന
കുരുന്നു ബാല്യങ്ങൾ...
ഫേസ് ബുക്കിലും, വാട്സാപ്പിലും,
അഭിരമിക്കുന്ന യൗവ്വനങ്ങൾ...
എങ്ങുനിന്നോ വിളിച്ചു കേട്ട,
ഫോൺ ശബ്ദങ്ങളെപോലും
സ്നേഹിച്ച് പിറകെ പോകുന്ന,
പ്രണയിനികൾ...
ഒടുവിലിതാ ആത്മഹത്യയുടെ കെണിയൊരുക്കി,
വാ പിളർന്നിരിക്കുന്ന ബ്ളുവെയിലുകൾ...
ഓജസ്സ് നഷ്ടപ്പെട്ട, ഊർജ്ജം ചോർന്നുപോയ,
ലക്ഷ്യം, ലഹരി പുകയിൽ മങ്ങിപോയ...
ഒരു തലമുറയാണോ നമുക്ക് മുമ്പിൽ?
നമുക്ക് നമ്മോട് തന്നെ ചോദിക്കാം,
ഒരു ഡിജിറ്റൽ ചോദ്യം...
ഞാനാണോ... എന്റെ ഫോണാണോ സ്മാർട്ട്?

*സസ്നേഹം*
**ദാവീദച്ചൻ**

# ടച്ച് മീ നാൾവഴികളിലൂടെ

- 2008 ഏപ്രിൽ 20ന് കൂടിയ ഇടവക പ്രതിനിധിയോഗത്തിലെ 5-ാം തീരുമാന പ്രകാരം പ്രതിനിധിയോഗത്തിന്റേയും കെ.സി.വൈ.എം. സംഘടനയുടേയും സംയുക്താഭിമുഖ്യത്തിൽ ഇടവക ബുള്ളറ്റിൻ തുടങ്ങുന്നതിന് തീരുമാനിച്ചു.
- റവ. ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ ചീഫ് എഡിറ്ററും, ശ്രീ. പി.ജെ. ജോൺപോൾ എഡിറ്ററുമായി 2008 സെപ്തംബറിൽ കെ.സി.വൈ.എം. പ്രസിദ്ധീകരണമായി 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ എന്ന പേരിൽ ഇടവകയുടെ ആദ്യ ബുള്ളറ്റിൻ, പേപ്പർ രൂപത്തിൽ പ്രസിദ്ധീകരിച്ചു.
- 2010 മുതൽ 'ടച്ച്-മീ' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 2011 ഫെബ്രുവരി മുതൽ റവ. ഫാ. ഫ്ളർജിൻ തയ്യാലയ്ക്കൽ ചീഫ് എഡിറ്ററും, എൻ.ജെ. അഭിലാഷ് എഡിറ്ററുമായി പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ടച്ച്-മീ', 2011 ഏപ്രിൽ മുതൽ ഇന്ന് കാണുന്ന തരത്തിൽ മൾട്ടികളറിൽ അച്ചടിച്ചു തുടങ്ങി.
- 2012 മാർച്ച് മുതൽ റവ. ഫാ. സിറിയക് ചാലിശ്ശേരി രക്ഷാധികാരിയും ചീഫ് എഡിറ്ററായി ക്ലിന്റു വർഗ്ഗീസും, 2013 മാർച്ച് മുതൽ റവ. ഫാ. പോൾ ആലപ്പാട്ട് രക്ഷാധികാരിയും 2014 മെയ് മുതൽ 2015 മാർച്ച് വരെ ക്ലിന്റോ രാജ് ചീഫ് എഡിറ്ററുമായും 'ടച്ച്-മീ' പ്രസിദ്ധീകരിച്ചു.
- 2015 ഫെബ്രുവരി 15 ലെ ഇടവക പ്രതിനിധി യോഗത്തിൽ കെ.സി.വൈ.എം. സംഘടനയ്ക്ക് 'ടച്ച്-മീ' തുടർന്ന് പ്രസിദ്ധീകരിക്കുവാൻ കഴിയുകയില്ലെന്ന് അറിയിച്ചതിനാൽ, പ്രതിനിധിയോഗ തീരുമാനപ്രകാരം ഇടവക വികാരി റവ. ഫാ. പോൾ ആലപ്പാട്ട് ചീഫ് എഡിറ്ററും, ശ്രീ. ജോണി ബെപ്പോ എഡിറ്ററും, മറ്റ് ഭാരവാഹികളായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസി, ജോൺസൺ പാവു, എം.എൽ. സുനിൽ, വി.സി. ജോസി എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 മാർച്ച് 1 ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച്-മീ' യുടെ സെക്രട്ടറിയായി വി.സി. ജോസിയേയും, ട്രഷററായി എം.എൽ. സുനിലിനേയും, സബ് എഡിറ്റർമാരായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസ്സി, ജോൺസൺ പാവു എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 ഏപ്രിൽ മുതൽ 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ ഓൺലൈൻ വെബ്സൈറ്റായി www.touchmekkm.in എന്ന വിലാസത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 10-ാം വാർഷികത്തിലേക്ക് പ്രവേശിച്ച 2017 സെപ്തംബറിൽ 'ടച്ച്-മീ' സ്പെഷ്യൽ പതിപ്പ് ഇടവക ഡയറക്ടറിയായി പുറത്തിറക്കി.
- 2017ൽ ഇടവക ദൈവാലയം നവീകരിച്ചപ്പോൾ, ഒരുലക്ഷത്തിലധികം രൂപ ചിലവിട്ട് അൾത്താരയിലേക്ക്, വിശുദ്ധ ബലിപീഠം'ടച്ച്-മീ' എഡിറ്റോറിയൽ ബോർഡ് സമർപ്പിച്ചു.
- 2018-ൽ പുതിയ വൈദിക മന്ദിരം പണിയുന്നതിലേക്ക്, 50,000/- രൂപ 'ടച്ച് -മീ' എഡിറ്റോറിയൽ ബോർഡ് സംഭാവന ചെയ്തു.

## ടച്ച് മീ നാൾവഴികളിലൂടെ...

- 2018 മെയ് 14ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച് - മീ'യുടെ സബ് എഡിറ്റർ സിസ്റ്റർ ആൻജോ സി.എം.സി. വിരമിച്ചതിനാൽ സിസ്റ്റർ ഗീതി മരിയ സി.എം.സി.യെ പുതിയ സബ് എഡിറ്ററായി തെരഞ്ഞെടുത്തു.
- 2018 ൽ അതിരൂപത തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് കവർ പേജിന് രണ്ടാം സമ്മാനവും, ലേഖനത്തിന് മൂന്നാം സമ്മാനവും ലഭിച്ചു.
- 2019 ൽ അതിരൂപതാ തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ ലേ ഔട്ട് വിഭാഗത്തിൽ (പുസ്തക രൂപകല്പനയിൽ) ഒന്നാം സ്ഥാനം 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2020 - 2021 ലോക്ഡൗൺ കാലത്ത് നാടാകെ സ്തംഭിച്ച് എല്ലാ സ്ഥാപനങ്ങളും അടഞ്ഞ് കിടന്നപ്പോഴും തൃശൂർ അതിരൂപതയിൽ 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിൻ മാത്രം യാതൊരു മുടക്കവും കൂടാതെ പുസ്തകരൂപത്തിൽതന്നെ പുറത്തിറക്കി ഇടവക ജനങ്ങളുടെ കൈകളിൽ എത്തിച്ചു.
- 15 - ാം വർഷത്തിലേക്ക് പ്രവേശിച്ച് 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിൻ 2022 സെപ്തംബറിൽ Crystal Jubilee സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2021 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3 - ാം സ്ഥാനവും, ഏറ്റവും മികച്ച കവർ പേജ് ഡിസൈന് ഒന്നാം സ്ഥാനവും, ഏറ്റവും മികച്ച ഇടയസ്വരം പംക്തിക്ക് രണ്ടാം സ്ഥാനവും, ഏറ്റവും മികച്ച (ലേഔട്ട്) പുസ്തക രൂപകല്പനക്ക് മൂന്നാം സ്ഥാനവും 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2023 ജൂൺ 13ന് കൂടിയ 'ടച്ച് - മീ' എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് സബ് എഡിറ്റർ സിസ്റ്റർ ഗീതി മരിയ സിഎംസി വിരമിച്ചതിനാൽ പുതിയ സബ് എഡിറ്ററായി സിസ്റ്റർ അൻസ ജോസ് സിഎംസിയെ തെരഞ്ഞെടുത്തു.
- 2015ൽ ചുമതലയേറ്റ നിലവിലുള്ള 'ടച്ച് - മീ' എഡിറ്റോറിയൽ ബോർഡ് 100 മാസം പൂർത്തിയാക്കിയ 2023 ജൂലൈ മാസത്തിൽ Century Edition ആയി സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2016 മാർച്ച് മുതൽ റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ടും, 2019 മാർച്ച് മുതൽ റവ. ഫാ. ക്രിസ്റ്റോൺ പെരുമാട്ടിലും 'ടച്ച് - മീ'യെ നയിച്ചപ്പോൾ, 2021 മാർച്ച് മുതൽ റവ. ഫാ. ദാവീദ് വിതയത്തിൽ 'ടച്ച് - മീ' യെ നയിച്ചുകൊണ്ടിരിക്കുന്നു. ഒരു ചെറിയ ഇടവേളയിൽ റവ. ഫാ. ജോബി പുത്തൂരും.

**16 വർഷക്കാലമായി 'ടച്ച്-മീ'യോട് കാണിച്ച സ്നേഹവും, സഹായവും, സഹകരണവും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നല്ലവരായ ഇടവക ജനങ്ങളുടേയും സ്ഥാപനങ്ങളുടേയും, സുഹൃത്തുക്കളുടേയും ഭാഗത്തുനിന്നും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.**

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്

# നന്നാകുക... ഒന്നാകുക ഒന്നാകുക... നന്നാകുക




സിസ്റ്റർ അൻസ ജോസ് CMC

ഒരിക്കൽ ഒരു സന്യാസി പ്രാർത്ഥനയിൽ ഉന്നത നിലയിൽ എത്തിയ ഒരു ഗുരുവിനെ സമീപിച്ച് ചോദിച്ചു. വളരെ നാളുകളായി ഞാൻ പ്രാർത്ഥിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ എനിക്കതിൽ വിജയം വരിക്കാൻ സാധിക്കുന്നില്ല. ശരിയായി പ്രാർത്ഥിക്കാനും പ്രാർത്ഥനയുടെ ആഴങ്ങളിലേക്ക് ഇറങ്ങുവാനും എന്നെ പഠിപ്പിച്ചാലും. ഗുരു ഒന്നും ഉരിയാടിയില്ല. അദ്ദേഹം അല്പം ചുള്ളിക്കമ്പുകൾ ശേഖരിച്ച് ഒരു അഗ്നികുണ്ഡം ഉണ്ടാക്കി. അതിനുശേഷം സന്യാസിയോട് പറഞ്ഞു. ഞാൻ മടങ്ങി വരുന്നത് വരെ ഇത് കെടാതെ സൂക്ഷിക്കുക. സന്യാസിയെ ഏകനായി വിട്ട് അദ്ദേഹം കടന്നുപോയി. വളരെനേരം കഴിഞ്ഞ് മങ്ങിവന്നപ്പോൾ അദ്ദേഹം കണ്ടത് അണഞ്ഞ അഗ്നികുണ്ഡത്തിന് സമീപം ഉറങ്ങിക്കിടന്ന സന്യാസിയെയാണ്. ഗുരു, സന്യാസിയെ ഉണർത്തിയിട്ട് ചോദിച്ചു. എന്തുപറ്റി? അഗ്നി അണഞ്ഞു പോയല്ലോ. ഇച്ഛാഭംഗത്തോടെ സന്യാസി മറുപടി പറഞ്ഞു. കുറേ നേരം ഞാൻ അഗ്നി കെടാതെ സൂക്ഷിച്ചു. ഇടയ്ക്ക് കെട്ടുപോകാറായപ്പോൾ ഊതിയൂതി കത്തിച്ചു. പക്ഷേ ഒടുവിൽ തളർന്ന് ഉറങ്ങിപോയി. ഗുരു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു; ഇതാണ് പ്രാർത്ഥന. നിരന്തരം പരിചരിക്കേണ്ട ഒരു അഗ്നികുണ്ഡം പോലെയാണത്. ഇടയ്ക്ക് ഊതിയൂതി കത്തിക്കണം. വിറകിട്ട് കൊടുക്കണം. അലസത കാണിച്ചാൽ ഉറങ്ങിപ്പോയാൽ അത് അണഞ്ഞുപോകും.

പ്രിയമുള്ള കുഞ്ഞുമക്കളെ, നന്നായി പ്രാർത്ഥിക്കണം. നന്നായി പഠിക്കണം. നന്നായി കളിക്കണം. നന്നായി ഉറങ്ങണം.

Bless and praise every moment. Bless the past, Bless the present, Bless the future. ഇത്രയും ചെയ്താൽ ജീവിതം നന്നാകും. LK 2:52 ൽ പറയുന്നു. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു. 'ഈശോയെ പോലെ വളരാൻ പ്രാർത്ഥന നമ്മെ സഹായിക്കട്ടെ. വി. കുർബാനയിൽ സജീവമായി സംബന്ധിച്ച് കുടുംബപ്രാർത്ഥനയിൽ തീക്ഷ്ണതയോടെ പങ്കെടുത്ത് മതബോധന ക്ലാസ്സിൽ മുടങ്ങാതെ പങ്കെടുത്ത് നമുക്കും വളരാം. വളർന്നു വലുതാകാം. കുഞ്ഞുണ്ണിമാഷ് പറയുന്നുണ്ട്. "വലിയൊരീ ലോകം മുഴുവൻ നന്നാകാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ, സ്വയം നന്നാകുക..." ഈ ഒരു മാസം നമുക്കതിനായി പരിശ്രമിക്കാം.






പി. എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. ഓണമൊക്കെ നന്നായി ആഘോഷിച്ചില്ലേ? ഓണപ്പരീക്ഷകൾ നന്നായി എഴുതിയില്ലേ? ഇനി ഉത്തരക്കടലാസ് കിട്ടുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പിലായിരിക്കും. എല്ലാവർക്കും വിജയാശംസകൾ. ഈ മാസം നമ്മുടെ ദൈവ ജനനിയുടെ ജനനത്തിരുനാളാണ് എന്ന് എല്ലാവർക്കും അറിയാമല്ലോ. അതിനായി നമുക്ക് നന്നായി ഒരുങ്ങാം. നമുക്ക് ഒരു മിഡ്-ടേം പരീക്ഷ നടത്തേണ്ടതുണ്ട്. സെപ്തംബർ ആദ്യംതന്നെ അതും നടത്തണം. അതിനുവേണ്ടി നന്നായി പഠിച്ചു തയ്യാറാവണം. ലോഗോസ് പരീക്ഷയും ഈ മാസത്തിലാണ്. എല്ലാവരും പരീക്ഷയിൽ പങ്കെടുക്കണം. നന്നായി പഠിച്ച് നല്ല മാർക്ക് വാങ്ങണം.

അടുത്ത മാസം നമ്മുടെ അർദ്ധവാർഷിക പരീക്ഷയാണ്. പാഠഭാഗങ്ങളും നമസ്കാരങ്ങളുമെല്ലാം സമയത്തുതന്നെ പഠിക്കുക. മാതാവിന്റെ ജനനതിരുനാൾ ആശംസകളോടെ...

ലില്ലിടീച്ചർ


## തിരുത്ത്

**സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സരത്തിലെ വിജയി**

***(V-VII)* I*st* ഇവ റോസ് കെ.എസ്. *Std : V***

**ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മത്സരത്തിലെ വിജയി**

***(I-VII)* I*st* അങ്കിത് അഗസ്റ്റിൻ *Std : VII***







സെപ്തംബർ 8

# പരിശുദ്ധ മാതാവിന്റെ
# ജനനതിരുനാൾ

**ഏവർക്കും**
**ടച്ച് മീയുടെ**
**പരി. മാതാവിന്റെ**
**ജനനതിരുനാൾ**
**ആശംസകൾ...**


30
Years
ANNIVERSARY
05-09-2023
V.T. Varghese & Baby Varghese
Valiyaveettil House
Vysheri - Kunnamkulam
Best Compliments From :
Stephin, Maya, Christina, Midhun, Nihara






**Isabel Rose Joy**
**Agna Joy**

**JOY & SIMSHA**
**Kanjiratingal House**
**Indira Nagar 1st Avenue,**
**Kunnamkulam**

*Lots of Love : Appa & Amma*

---

**1-ാം ചരമവാർഷികം**
**09-09-2023**





**അറങ്ങാശ്ശേരി**
**ആന്റണി**
# ജോണി
**തെക്കേപ്പുറം**

ജനനം : 19-07-1946
മരണം : 09-09-2022

**പ്രാർത്ഥനകളോടെ : കുടുംബാംഗങ്ങൾ**


വിശുദ്ധ
പത്താം പീയൂസ്
മാർപ്പാപ്പേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ...
പയസ് ജേബി & ഫാമിലി



# സഭാ വാർത്തകൾ

**പാക്കിസ്ഥാനിൽ ക്രൈസ്തവർ ആക്രമണ ഭീതിയിൽ**

പാക്കിസ്ഥാനിലെ ഫൈസലാബാദ് ജില്ലയിൽ ക്രൈസ്തവർക്കെതിരെ വ്യാപക അക്രമം. മതനിന്ദ ആരോപണം ഉന്നയിച്ചായിരുന്നു ആക്രമണങ്ങൾ. നിരവധി ക്രൈസ്തവരുടെ വീടുകൾ അഗ്നിക്കിരയാക്കിയ അക്രമകാരികൾ പതിനഞ്ചോളം ദൈവാലയങ്ങളും അനുബന്ധ കെട്ടിടങ്ങളും തകർത്തു. ആയിരക്കണക്കിനാളുകൾ അക്രമങ്ങളെത്തുടർന്ന് പ്രദേശത്തുനിന്നും പലായനം ചെയ്യുകയാണ്. ഫൈസലാബാദിലെ ജാരണവാലപ്രവിശ്യയിൽ രണ്ടു ക്രൈസ്തവർ ഖുറാനെ അവഹേളിച്ചു എന്നാരോപിച്ചായിരുന്നു അക്രമണം.

അഗ്നിക്കിരയാക്കപ്പെട്ട പള്ളികളിൽ സെയിന്റ് പോൾ കത്തോലിക്കാ പള്ളിയും ഉൾപ്പെടുന്നതായി അൽ ജസീറ ടി.വി. റിപ്പോർട്ട് ചെയ്തു. ജനങ്ങൾ മുഴുവൻ പരിഭ്രാന്തിയിലാണെന്നും എല്ലാം കൊള്ളയടിക്കപ്പെട്ട അവർ എന്ത് ചെയ്യും എന്നുള്ള ആകുലതയിലാണെന്ന് ഫൈസലാബാദ് രൂപത വികാരി ജനറാളും അക്രമങ്ങളുടെ ദൃക്സാക്ഷിയുമായ ഫാ. ആബിദ് തൻവീർ പറഞ്ഞു.

അതേസമയം, മതനിന്ദ ആരോപിക്കപ്പെടുന്നവരെ ജീവപര്യന്തം തടവിലാക്കുന്നതിനുള്ള നിയമഭേദഗതി പാക്കിസ്താൻ പാർലമെന്റ് പാസ്സാക്കി. ഈ നിയമം തങ്ങൾക്കെതിരെയുള്ള ആയുധമായി ഉപയോഗിക്കപ്പെടുമോ എന്നുള്ള ഭീതിയിലാണ് രാജ്യത്തെ ക്രൈസ്തവരുൾപ്പെടുള്ള മത ന്യൂനപക്ഷങ്ങൾ.

**ഭാരതത്തിലെ ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾക്കെതിരെ വീണ്ടും അമേരിക്ക.**

വാഷിംഗ്ടൺ ഡി.സി.: യു.എസ്. പ്രസിഡന്റ് ജോ ബൈഡന്റെ ഇന്ത്യാ സന്ദർശനം അടുത്ത മാസം നടക്കാനിരിക്കെ, രാജ്യത്തെ മത പീഡനങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ അമേരിക്ക വീണ്ടും രംഗത്ത്. പതിവ് പത്രസമ്മേളനത്തിനിടെ അമേരിക്കൻ വിദേശകാര്യ വക്താവ് മാത്യുമുള്ളറാണ് ഇന്ത്യയിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ മുൻപത്തെ പോലെതന്നെ ഇനിയും ശബ്ദമുയർത്തുമെന്ന് വ്യക്തമാക്കിയത്.

ക്രിസ്തുമതം ഉൾപ്പെടെ ഏതു മതവിശ്വാസത്തിന് എതിരെയും ലോകത്തിന്റെ ഏതുഭാഗത്തു നടക്കുന്ന അടിച്ചമർത്തിലിനെതിരെയും നിലപാട് സ്വീകരിക്കുന്നതാണ് അമേരിക്കൻ നിലപാടെന്നും അദ്ദേഹം പറഞ്ഞു.


**യുക്രൈനിലെ യുദ്ധമുഖത്ത് ആത്മീയ പോരാട്ടം നയിച്ച് മിലിട്ടറി ചാപ്ലെയിന്മാർ**

കീവ് : മരണവും ദുരന്തവും തേർവാഴ്ച നടത്തുന്ന യുക്രൈനിലെ യുദ്ധഭൂമിയിൽ സൈനികർക്കും നാട്ടുകാർക്കും പ്രത്യാശപകരാൻ മിലിട്ടറി ചാപ്ലെയിന്മാരായ വൈദീകർ. പ്രത്യാശ കൈവിടരുതെന്ന് നാട്ടുകാരെ ഉപദേശിക്കുന്ന അവർ യുദ്ധഭൂമിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും ആരോഗ്യപ്രവർത്തകരും തമ്മിലുള്ള ഏകീകരണവും ഉറപ്പാക്കുന്നു. ഒപ്പം സൈനികരുടെ ഹൃദയത്തിൽ സമാധാനത്തിന്റെ സന്ദേശം പകരാനും ശ്രദ്ധിക്കുന്നു.

യുക്രേനിയൻ കത്തോലിക്കാ വൈദികനും സൈന്യത്തിൽ സെക്കന്റ് ലഫ്റ്റനന്റുമായ ഫാ. റോസ്റ്റിസ്ലാവ് സോച്ചാൻ റഷ്യയുടെ ആക്രമണമുണ്ടായ നാളുകൾ മുതൽ ക്രൈമിയയിലെയും ഡോൺസ്റ്റിക്കിലെയും യുദ്ധമുഖത്തു നിയോഗിക്കപ്പെട്ടയാളാണ്. തന്റെ ഉത്തരവാദിത്തം എന്താണെന്ന് വ്യക്തമായ ധാരണയുള്ള അദ്ദേഹം രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ വൈകാരികമായി മുറിവേൽക്കപ്പെടുന്ന സൈനികർക്കു ധൈര്യം പകരുന്നതിലും വ്യാപൃതരാണ്.

**ഫ്രാൻസീസ് പാപ്പയുടെ സന്ദർശനം മംഗോളിയയോടുള്ള ദൈവസ്നേഹത്തിന്റെ അടയാളം.**

ആഗസ്റ്റ് 31 മുതൽ സെപ്തംബർ നാലുവരെ നടക്കുന്ന ഫ്രാൻസിസ് പാപ്പയുടെ മംഗോളിയയിലേക്കുള്ള അപ്പോസ്തോലിക സന്ദർശനം മംഗോളിയൻ ജനതയോടുള്ള ദൈവ സ്നേഹത്തിന്റെ അടയാളമെന്ന് അവിടെ സേവനം ചെയ്യുന്ന 'ക്രിസ്ത്യാനികളുടെ സഹായമായ മേരി മക്കൾ സന്യാസിനി' സഭാംഗവും ഇന്ത്യക്കാരിയുമായ സിസ്റ്റർ ആഗ്നസ് ഗാംമ്പി. 2012 മുതൽ മംഗോളിയൻ തലസ്ഥാനമായ ഉലാൻ ബതോറിൽ സേവനം ചെയ്യുന്ന അവർ, ഇപ്പോൾ പഠനത്തിന്റെ ഭാഗമായി ഇന്ത്യയിലാണുള്ളത്. അടുത്ത വർഷം മംഗോളിയയിലേക്കു മടങ്ങും. പാപ്പയുടെ സന്ദർശനത്തെക്കുറിച്ചറിഞ്ഞപ്പോൾത്തന്നെ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര ആഹ്ലാദത്തിലും ആവേശത്തിലുമാണ് താനെന്നും, ഫ്രാൻസിസ് പാപ്പയെ രാജ്യത്തേക്ക് സ്വാഗതം ചെയ്യുന്നതിലൂടെ മംഗോളിയയിലെ ജനങ്ങൾ ബഹുമാനിക്കപ്പെട്ടിരിക്കുകയാണെന്നും അവർ പറഞ്ഞു.



# കർത്താവേ, ഇതാ ഞാൻ...

ബ്രദർ ആകാശ് ജെ. വെട്ടികാട്

സംശയങ്ങൾ നല്ലതാണ്, അവ ചോദിച്ചറിയണം എന്ന് കാരണവൻമാരും ഗുരുക്കന്മാരും ഒത്തിരി പറഞ്ഞ് കേട്ടിട്ടുണ്ട്. "സംശയങ്ങൾ!, അവ ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ അറിവിലേക്ക് പ്രവേശിക്കുന്നു" എന്ന് തത്വചിന്തകനായ ഡെക്കാർട്ട് പ്രസ്ഥാവിച്ചു.

ശരി, അങ്ങനെയെന്റെയൊരു അനുഭവം പറയുവാണേൽ സ്കൂളിൽ കൊണ്ട് ചേർത്ത സമയത്ത് എനിക്കും എന്റെ കൂട്ടുകാർക്കും ഒരെത്തുംപിടിയും കിട്ടാത്ത സംഗതിയായിരുന്നു, ഞങ്ങളെന്തിനാ സ്കൂളിൽ പോകുന്നത് എന്നത്. അങ്ങനെപോയി നാലാം ക്ലാസ് എത്തി. ഒരു ദിവസം രാവിലെ ഞങ്ങളെ ടീച്ചർ ക്ലാസ്സിൽ വന്ന് പറഞ്ഞു ഭൂമി ഉരുണ്ടതാണെന്ന്. അന്നത്തെ എന്റെ നാലാംക്ലാസ്സ് പരിജ്ഞാനത്തിന് താങ്ങാവുന്നതിലും അപ്പുറത്തായിരുന്നു ടിച്ചറിന്റെ ആ പ്രസ്ഥാവന, എനിക്ക് വിട്ട് കൊടുക്കാൻ പറ്റുമോ...!

"ഭൂമി ഉരുണ്ടതാണെങ്കിൽ കടൽവെള്ളം എന്നേ ഒലിച്ചുപോകേണ്ടതല്ലേ" എന്ന മറുചോദ്യംകൊണ്ട് ടീച്ചറെ ഒരു നിമിഷം ഞാൻ വാക്ക് മുട്ടിച്ചു. വിജയശ്രീലാളിതനായ യുദ്ധവീരൻ തന്റെ വിജയത്തിന്റെ പൊൻപതാക വീശുന്ന അനുഭവമായിരുന്നു അപ്പോൾ മനസ്സിൽ ഉണ്ടായിരുന്നത്.

അങ്ങനെ ഏഴാംക്ലാസ്സ് എത്തി. ഒരുദിവസം സ്കൂളിൽ നിന്ന് മടങ്ങിയെത്തിയപ്പോഴാണ് കണ്ടത്, വീട്ടിൽ എന്റെ കുറേ ബന്ധുക്കൾ വന്നിരിക്കുന്നുവെന്നത്. കാര്യമെന്തെന്ന് ആദ്യമൊന്നും പിടികിട്ടിയില്ലെങ്കിലും കുറച്ച് കഴിഞ്ഞപ്പോഴാണ് എന്നെ ഞെട്ടിച്ച ആ സംഭവം ഞാനറിഞ്ഞത്. സമർപ്പിത ജീവിതം ആഗ്രഹിച്ച എന്റെ കസിൻ ചേച്ചിയെ അന്ന് മഠത്തിൽ ചേർക്കുന്നതിന് മുമ്പായി എന്റെ വീട്ടിൽ വന്നതായിരുന്നു അവരെല്ലാവരും. മുമ്പെല്ലാം നല്ല പരിചയമുണ്ടായിരുന്നെങ്കിലും ഇങ്ങനെയൊരു തീരുമാനം ചേച്ചിയെടുക്കുമെന്ന് ഞാൻ ഒട്ടും ഓർത്തിരുന്നില്ല. ശരിക്കും ഒരത്ഭുതമായിരുന്നു എനിക്ക്! ഇത്തവണ എന്റെ സംശയബുദ്ധിയെ ഞാൻ ഉള്ളിൽതന്നെ നിറുത്തി. പക്ഷേ, ചോദ്യമിതായിരുന്നു: "ഇങ്ങനെയൊക്കെ ഒരൊരുത്തർക്കും എങ്ങനെയാണ് പോവാൻ സാധിക്കുക?" വൈദീക സന്യസ്ഥ പരിശീലനത്തിന്റെ നീണ്ട വർഷങ്ങൾ തന്നെ ആലോചിക്കുവാണേൽ ആരേലും ഇക്കാലത്ത് ഇതിനായി പോകുമോ? ഇതിനുത്തരം എനിക്ക് പിന്നീടുള്ള രണ്ടര വർഷത്തിനു

ള്ളിൽ കിട്ടി. ഉത്തരം തന്നത് മറ്റാരുമല്ല ദൈവമാണെന്ന വ്യത്യാസം മാത്രം.

ഈ അറിവിൽ പ്രവേശിച്ചാൽ അറിഞ്ഞ വ്യക്തിക്ക് പിന്നെ വെറുതെ ഇരിക്കാൻ സാധിക്കില്ല. പിന്നീട് കടന്നുപോകുന്നതെല്ലാം ദൈവാനുഭവമാണെന്ന ഉൾബോധ്യം ലഭിക്കും. അങ്ങനെ ഞാനും തീരുമാനിച്ചു ആ വിളിച്ചവനെ അനുഗമിക്കാൻ. സ്വന്തമായവരെ വേർപിരിയുമ്പോഴുണ്ടാകുന്ന വേദന ഒരിക്കലും പറഞ്ഞറിയിക്കാൻ സാധിക്കില്ലെങ്കിലും അതിനേക്കാളും ഉപരിയായ ഒരാനന്ദം അങ്ങനെയോരോരുത്തരേയും മുഴുവനും പൊതിയും. ലോകദൃഷ്ടിയിൽ ഇങ്ങനെയുള്ളവർ കഴുതകളാണ്; ബോധമില്ലാത്തവർ എന്നും മുദ്രകുത്തിയേക്കാം. എന്നാലും, ജറുസലേം പ്രവേശനത്തിൽ യേശുവിനെ താങ്ങിയതും ഒരു കഴുത തന്നെയാണ്. അറിവില്ലേലും ദൈവപുത്രനെ താങ്ങിയ ആ കഴുത. സ്വയം സമർപ്പിക്കാനുള്ള ആനന്ദം അവർണ്ണനീയം എന്ന് തന്നെ പറയണം.

പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേക്കും ഉള്ളത് മാത്രമാണ് ദൈവവിളി എന്ന് പറയുന്നത് ശരിയല്ല. വിശുദ്ധിയിലേയ്ക്കുള്ള ഓരോ ക്രൈസ്തവന്റേയും അടിസ്ഥാന ദൈവവിളിയിൽ അനുയോജ്യമായ ജീവിതമാർഗ്ഗമാണ് (സന്യാസം, പൗരോഹിത്യം, കുടുംബജീവിതം, ഏകസ്ഥം) ഓരോ ദൈവവിളികളും എന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. എങ്കിലും തന്നോടുകൂടെ ആയിരിക്കുവാനും വചനം പ്രഘോഷിക്കുവാനും ദൈവം ചിലരെ പ്രത്യേകം തിരഞ്ഞെടുത്ത് തന്റെ ക്ഷണത്തിന്റെ വിത്തുകൾ അവരിൽ പാകും. പിന്നീടങ്ങോട്ട് പല അവസരങ്ങളിലും പല രീതികളിലും ഈ തിരഞ്ഞെടുപ്പിന്റെ ആഴം ബോധ്യപ്പെട്ടവർ അങ്ങ് ഇറങ്ങിതിരിക്കും. വി. ഫ്രാൻസീസ്, വി. ക്ലാര, വി. അൽഫോൻസാമ്മ, വി. ജസ്റ്റീന, വി. മദർ തെരേസ അങ്ങനെ പലരും വഴി തിരുസഭാചരിത്രം സമ്പന്നമാണ്.

'ശരിക്കും എനിക്ക് ദൈവവിളി ഉണ്ടോ'? എന്ന സംശയമാണ് പലരേയും തന്റെ വിളി തിരിഞ്ഞെടുക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നത്. ഒരു ദിവസം രാവിലെ എഴുന്നേറ്റ് വീടിന്റെ മുൻപിൽ വന്ന് കോളിംഗ് ബെല്ലടിച്ച് ദൈവം പറയില്ല നിനക്ക് ദൈവവിളി ഉണ്ടെന്ന്. അങ്ങനെ പ്രതീക്ഷിക്കുകയും വേണ്ട. 'സംശയം, അത് നല്ലതുതന്നെ' എന്ന് പറഞ്ഞായിരുന്നല്ലോ... എന്നാൽ ഇതിനുള്ള ഉത്തരം കണ്ടെത്താനുള്ള മാർഗ്ഗം ഒന്ന് കാണിച്ച് തരാം.

വൈദിക സമർപ്പിത ജീവിതത്തിലേക്കുള്ള വിളിയുണ്ടെന്ന് തിരിച്ചറിയാനുള്ള സൂചനകൾ ഇവയാണ്.

സ്വയം ദൈവവേലയ്ക്ക് സമർപ്പിക്കാനുള്ള ഉൾവിളി, പ്രാർത്ഥനയിൽ ദൈവവുമായി ബന്ധപ്പെടാനുള്ള താല്പര്യം,

സഹോദരങ്ങൾക്ക് വേണ്ടി സ്വയം സമർപ്പിക്കാനുള്ള ആഭിമുഖ്യം, ഈ ജിവിതം നയിക്കുന്നതിനുള്ള മാനസികവും ശാരീരികമായ ആരോഗ്യം, വൈദികരെയോ സമർപ്പിതരെയോ കാണുമ്പോൾ തനിക്കും അവരെപോലെ ആകണം എന്ന ആഗ്രഹം, ഏറ്റവുമുപരി നന്മനിറഞ്ഞ ഒരു മനസ്സ്. ഇതിലേതെങ്കിലുമൊക്കെ കൂടി നിങ്ങളും കടന്നുപോയിട്ടുണ്ടെങ്കിൽ നിങ്ങൾക്കൊന്ന് ഉറപ്പിക്കാം, ദൈവം നിങ്ങളെ പ്രത്യേകം കണ്ടിരിക്കുന്നു, ഉറപ്പ്. പക്ഷേ പ്രത്യുത്തരം നൽകുക എന്നത് ഓരോരുത്തരുടേയും കടമയും ഉത്തരവാദിത്വവുമാണ്. കർത്താവിനോടുമുള്ള സ്നേഹത്തെ പ്രതി എന്തുപേക്ഷിച്ചാലും പത്തിരട്ടിയായി ലഭിക്കുന്ന വേറെന്തു ജീവിതമാണുള്ളത്. മാതാപിതാക്കളേയും സഹോദരങ്ങളെയും ഉപേക്ഷിക്കുമ്പോൾ ലോകം മുഴുവനുമുള്ളവരെ മാതാപിതാക്കളായും സഹോദരങ്ങളായും ലഭിക്കുന്നു.

ഈ ഉത്തരാധുനിക യുഗത്തിൽ " എന്തിനാ ജീവിതം വെറുതെ പാഴാക്കുന്നത്, ജീവിതം അടിച്ചുപൊളിച്ചുകൂടേ?" എന്ന് ചോദിക്കുന്ന സമൂഹത്തിന് മുമ്പിൽ ചങ്കുറപ്പോടെ നമുക്ക് പറയാൻ സാധിക്കണം. "അതെ, ഈ ജീവിതം ഒരിക്കലും പാഴാക്കുകയല്ല, മറിച്ച് നേടുകയാണ് ചെയ്യുന്നത് എന്ന്. ദിവ്യകാരുണ്യത്തിന് മുമ്പിൽ മുട്ടിന്മേൽ കൈവിരിച്ച് മാദ്ധ്യസ്ഥം വഹിക്കുന്ന സമർപ്പിതരുടെ പ്രാർത്ഥനകളാണ് ലോകത്തെപ്പോലും താങ്ങിനിർത്തുന്നത്. നമ്മുടെ പ്രത്യുത്തരത്തിൽ ദൈവം അതിയായി ആനന്ദിക്കുന്നു. അവന്റെ വിളിക്ക് കാതോർക്കാം...

"അവർണ്ണനീയമായ ദാനത്തിന് കർത്താവേ അങ്ങേയ്ക്ക് സ്തുതി".



**സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുന്നംകുളം**

**ചിറളയം സെന്റ് മേരീസ് കപ്പേളയിൽ**

# പരിശുദ്ധ മാതാവിന്റെ ജനന തിരുനാൾ

**2023 സെപ്തംബർ 8 വെള്ളി**

സെപ്തംബർ 8 വെള്ളിയാഴ്ച ഇടവക ദൈവാലയത്തിൽ വൈകീട്ട് 5.30ന്
മേരി നാമധാരികളുടെ കാഴ്ചസമർപ്പണം | ആശീർവാദം | വിശുദ്ധ കുർബാന
സെന്റ് മേരീസ് കപ്പേളയിലേക്ക് പ്രദക്ഷിണം
കപ്പേളയിൽ ആഘോഷമായ ലദീഞ്ഞ് | നൊവേന
ദൈവാലയ അങ്കണത്തിൽ സ്നേഹവിരുന്ന് | വർണ്ണമഴ

# കേരള ഗസറ്റ്

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണം—കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് എന്ന പേര് "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ. ഉ. (കൈ) നമ്പർ 109/2023/പൊ.ഭ.വ. തിരുവനന്തപുരം, 2023 ജൂലൈ 8.

---

പരാമർശം:—(1) 29-2-2019-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

(2) സ.ഉ. (കൈ) നമ്പർ 114/2021/പൊ.ഭ.വ, തീയതി 3-6-2021.

(3) 14-6-2021-ൽ സീറോ മലബാർ ചർച്ച് മേജർ ആർച്ച് ബിഷപ്പ് ജോർജ് കർദ്ദിനാളാൾ ആലഞ്ചേരി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി., സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംവരണേതര പട്ടികയിലെ 163-ാം ക്രമനമ്പരായ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(3) മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ. ജ്യോതിലാൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

| | |
|---|---|
| മുമ്പ് ഉണ്ടായിരുന്നത് | റിലീജിയൻ : ക്രിസ്ത്യൻ<br>കാസ്റ്റ് : റോമൻ കാത്തലിക് |
| നിലവിൽ ഉണ്ടായിരുന്നത് | റിലീജിയൻ : ക്രിസ്ത്യൻ<br>കാസ്റ്റ് : സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) |
| **ഇനി മുതൽ** | **റിലീജിയൻ : ക്രിസ്ത്യൻ**<br>**കാസ്റ്റ് : സീറോ മലബാർ സിറിയൻ കാത്തലിക്** |

# പ്രതിനിധിയോഗ വാർത്തകൾ

1. ജൂൺ മാസത്തെ റിപ്പോർട്ടും, ജൂൺ-ജൂലൈ മാസത്തെ വരവ് ചെലവ് കണക്കുകളും വായിച്ച് പാസ്സാക്കി.
2. അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കുന്നതിനുള്ള ഇടവകയുടെ വാർഷിക തെരട്ട്, അക്കൗണ്ടന്റ് എം.ആർ. ആന്റോ അവതരിപ്പിച്ച് പാസാക്കി.
3. ഓണപായസ വിതരണത്തിനുള്ള ഒരുക്കങ്ങൾ, പുരോഗമിക്കുന്നതായി തിരുനാൾ കമ്മിറ്റി ജനറൽ കൺവീനർ വി.ജെ. സുനിൽ അറിയിച്ചു.
4. സെപ്തംബർ 8ന് ചിറളയം സെന്റ് മേരീസ് കപ്പേളയിൽ നടത്തുന്ന പരി. മാതാവിന്റെ ജനന തിരുനാളിന്റെ ഒരുക്കളെക്കുറിച്ച് കൺവീനർ കെ.ജി. ബാബു വിശദീകരിച്ചു.
5. കേരളത്തിൽ വെച്ച് ആദ്യമായി, വല്ലാർപാടം ബസലിക്ക ദേവാലയത്തിൽ ഡിസംബർ 1, 2, 3 തിയ്യതികളിൽ വെച്ച് നടത്തുന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ നമ്മുടെ ഇടവകയെ പ്രതിനധീകരിച്ച്, ചുങ്കത്ത് റപ്പായി ടോണി പങ്കെടുക്കുമെന്ന് വികാരിയച്ചൻ അറിയിച്ചു.
6. ഇടവക ദൈവാലയത്തിൽ, പ്രത്യേക സമയത്ത് നടത്തുന്ന തിരുകർമ്മങ്ങൾക്ക് ലൈറ്റുകളുടെ ഉപയോഗത്തിന് വാങ്ങുന്ന നിരക്കുകൾ, മുമ്പ് പ്രതിനിധിയോഗത്തിൽ എടുത്ത തീരുമാനങ്ങൾ അതുപോലെതന്നെ തുടരണമെന്ന് അറിയിക്കുകയും, തീരുമാനങ്ങൾ താഴെ പറയുന്നതുപോലെ ഒന്നുകൂടി വിശദീകരിക്കുകയും ചെയ്തു.
   a) മനസമ്മതം - 1000 രൂപ
   *(മൾട്ടി കളർ ലൈറ്റുകൾ ഉൾപ്പെടെ എല്ലാ ലൈറ്റുകളും)*
   b) മരിച്ചവരുടെ വിശുദ്ധ കുർബാന - 1000 രൂപ
   *(മൾട്ടി കളർ ലൈറ്റുകൾ ഒഴികെയുള്ള സാധാരണ ലൈറ്റുകൾ മാത്രം)*
   c) മരിച്ചവരുടെ വിശുദ്ധ കുർബാന - 3000 രൂപ
   *(മൾട്ടി കളർ ലൈറ്റുകൾ ഉൾപ്പെടെ എല്ലാ ലൈറ്റുകളും)*
   d) വിവാഹം, വിശുദ്ധ കുർബാന - 3000 രൂപ
   *(മൾട്ടി കളർ ലൈറ്റുകൾ ഉൾപ്പെടെ എല്ലാ ലൈറ്റുകളും)*
   e) മാമ്മോദീസ, വിശുദ്ധ കുർബാന - 3000 രൂപ
   *(മൾട്ടി കളർ ലൈറ്റുകൾ ഉൾപ്പെടെ എല്ലാ ലൈറ്റുകളും)*

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**സെപ്തംബർ**

| | | |
|---|---|---|
| 1 | വെള്ളി | മാസാദ്യവെള്ളി, വി.കുർബാന വൈകീട്ട് 6ന്<br>കൈത്ത ഏഴാം വെള്ളി, എട്ട് നോമ്പാരംഭം<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 2 | ശനി | കൈത്ത ഏഴാം ശനി<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 3 | ഞായർ | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 4 | തിങ്കൾ | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 5 | ചൊവ്വ | കൊൽക്കത്തയിലെ വി. തെരേസ<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 6 | ബുധൻ | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 7 | വ്യാഴം | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 8 | വെള്ളി | പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ, 5.30 വി. കുർബാന<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 12 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 13 | ബുധൻ | വി. ജോൺ ക്രിസോസ്തോം |
| 14 | വ്യാഴം | വി. കുരിശിന്റെ പുകഴ്ച്ച |
| 21 | വ്യാഴം | വി. മത്തായി ശ്ലീഹാ |
| 27 | ബുധൻ | വി. വിൻസന്റ് ഡി പോൾ |
| 29 | വെള്ളി | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | ശനി | വി. ജെറോം മ., വി. കൊച്ചുത്രേസ്യ ക. മ. (1 ഞായർ) |

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 03-09-2023 | 3.00 pm | സെന്റ് ജോസഫ് | **ചിറയാട്ടിൽ സാമുവേൽ റെജീന**<br>(സ്നേഹാലയം I<sup>st</sup> അവന്യൂ) |
| 03-09-2023 | 4.30 pm | മേരിമാതാ | **ചൂണ്ടൽ അന്തോണി ഔസേപ്പ്**<br>(ഗാന്ധിജി നഗർ, തൃശൂർ റോഡ്) |
| 10-09-2023 | 3.00 pm | സെന്റ് ആന്റണീസ് | **ചീരൻ ലോനപ്പൻ ജോൺസൺ**<br>(കക്കാട്) |
| 10-09-2023 | 4.30 pm | സെന്റ് തോമസ് | **കൊള്ളന്നൂർ മേഴ്സി ജിജോ**<br>(മേലങ്ങാടി, ചിറളയം) |
| 17-09-2023 | 3.00 pm | സെന്റ് ജോർജ്ജ് | **ആലപ്പാട്ട് അന്തോണി വർഗ്ഗീസ്**<br>(താഴ്വാരം) |
| 17-09-2023 | 4.30 pm | സെന്റ് സേവ്യർ | **മേനാഞ്ചേരി ലില്ലി ജോസ്**<br>(കാട്ടിലെകുളം, ആലത്തൂർ പാടം) |



# *വിധിക്കപ്പെടാതിരിക്കാൻ*

**സിസ്റ്റർ ജെസ്റ്റിന CMC**

മറ്റുള്ളവരാൽ വിധിക്കപ്പെടാനോ വിമർശിക്കപ്പെടാനോ ആഗ്രഹിക്കാത്തവരാണ് നാം ഓരോരുത്തരും. എന്നെക്കുറിച്ച് മറ്റുള്ളവർ നല്ലത് ചിന്തിക്കണം, പറയണം എന്ന് ആഗ്രഹിക്കുന്നവരാണ് എല്ലാ മനുഷ്യരും. എന്നാൽ കൂടെയുള്ളവരും അതേ ചിന്താഗതിക്കാരാണെന്ന് അറിഞ്ഞിട്ടും എന്തേ നാം അങ്ങനെ ചെയ്യുന്നു? എനിക്ക് അഹിതമായത് എന്തുകൊണ്ട് ഞാൻ അപരനോട് ചെയ്യുന്നു? നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ആദ്യമായി ഒരു വ്യക്തി തന്നെ സ്നേഹിച്ചാലെ അപരനെ സ്നേഹിക്കാൻ കഴിയൂ. സ്വയം സ്നേഹം വളർന്ന് അഹങ്കാരത്തിന്റെ മൂർത്തിഭാവം ആകണമെന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. ഒരുവൻ തന്നെ തന്നെ തിരിച്ചറിഞ്ഞ് സ്വന്തം കഴിവുകളും ബലഹീനതകളും മനസ്സിലാക്കി ജീവിക്കുമ്പോൾ മാത്രമാണ് അപരന്റെ കുറവിൽ വിസ്മയിക്കാതെ അവനെ ഉൾക്കൊള്ളാൻ സാധിക്കൂ. നേരെമറിച്ച് തന്നെക്കുറിച്ച് യഥാർത്ഥമായ വിലയിരുത്തൽ നടത്താത്ത ഒരു വ്യക്തി സ്വയം ആത്മപ്രശംസയിലേക്ക് നീങ്ങുന്നു. ഞാൻ ചെയ്യുന്നത് മാത്രം perfect എന്ന ചിന്തയിൽ നിന്ന്, അപരൻ imperfect ആണെന്ന വിലയിരുത്തലിലേക്ക് അത് നയിക്കുന്നു. മറ്റുള്ളവരെക്കുറിച്ച് തെറ്റായ രീതിയിൽ വിലയിരുത്തലുകൾ നടത്താനും, അത് മറ്റുള്ളവരോട് പറയാനുമുള്ള വ്യഗ്രതയിൽ ജീവിക്കുന്നു.

എന്നാൽ perfectൽ നമുക്ക് ഏറ്റവും നല്ല റോൾ മോഡൽ ആയ യേശു ഒരിക്കലും ആരെയും വിധിച്ചിട്ടില്ല. വ്യഭിചാര കുറ്റം ചെയ്ത സ്ത്രീയെ കല്ലെറിയാൻ വന്ന യഹൂദരുടെ വിധി തീർപ്പിനെ വിരാമമിട്ട് ഈശോ പറഞ്ഞു. “നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ”യെന്ന്. എല്ലാം അറിയുന്നവനായ ഈശോയ്ക്ക് കല്ലെറിയാൻ വന്ന യഹൂദരുടെ പാപങ്ങൾ കണ്ണാടിയിൽ എന്നപോലെ വ്യക്തമായി അറിയാമായിരുന്നിട്ട് പോലും ഈശോ അവരുടെ പാപങ്ങൾ വിളിച്ചു പറയുകല്ല ചെയ്തത് മറിച്ച് സ്വയം വിലയിരുത്തലിലേക്ക് അവരെ നയിക്കുകയായിരുന്നു. സ്വന്തം തെറ്റുകളെ മനസ്സിലാക്കിയ അവർ തിരിച്ചു പോകുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും ഈശോ പറയുന്നു ഞാൻ

നിന്നെ വിധിക്കുന്നില്ല മേലിൽ പാപം ചെയ്യരുത്.

നമ്മുടെ വിധി തീർപ്പുകൾ എത്രയോ മാരകമാണ്. അപരനെ ആത്മനിന്ദയിലേക്ക് നയിക്കാൻ നമ്മുടെ വിധി തീർപ്പുകളും സംസാരരീതികളും കാരണമായിയെങ്കിൽ ഈശോയുടെ മുൻപിൽ എന്റെ പിഴ, എന്റെ പിഴ, എന്ന് നമുക്ക് അനുതാപത്തോടെ പറയാം. ഓർക്കുക വചനം നമ്മെ ഓർമ്മിപ്പിക്കുന്നു വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്, നിങ്ങൾ "വിധിക്കുന്ന വിധിയാൽ തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ട് തന്നെ നിങ്ങൾക്കും അളന്നു കിട്ടും."

ഒരു പഴഞ്ചൊല്ലുണ്ടല്ലോ. "കൊടുക്കുന്നവന് കൊല്ലത്തും കിട്ടും". അത് നന്മയായാലും, തിന്മയായാലും.

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്**
**വി. കുർബാനക്ക് ശേഷം ദൈവാലയ അങ്കണത്തിൽ**
**വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ ദേശീയപതാക ഉയർത്തി**





# ഈശോ എന്റെ എല്ലാം

റീന ടീച്ചർ

"നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, സർവ്വശക്തിയോടും കൂടി സ്നേഹിക്കുക". ഇതാണ് ഒന്നാമത്തേയും ഏറ്റവും പ്രധാനപ്പെട്ടതുമായ കല്പന. രണ്ടാമത് "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക." അതായത് ദൈവസ്നേഹവും പരസ്നേഹവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. കുരിശിന്റെ ഒരു വശത്ത് ക്രിസ്തുവാണെങ്കിൽ മറുവശത്ത് മനുഷ്യൻ. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഓരോ മനുഷ്യനും മാനസികവും ശാരീരികവും ആത്മീകവുമായ വിധത്തിൽ സഹിച്ച്കൊണ്ടേയിരിക്കുന്നു. അതിനാലാണ് വി. പൗലോശ്ലീഹ ഫിലി. 1:29ൽ പറയുന്നു, 'ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെ പ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു".

പിതാവായ ദൈവത്തോടുള്ള സ്നേഹമാണ് സഹിക്കാൻ ക്രിസ്തുവിന് ശക്തിയേകിയതെങ്കിൽ, ഈശോയെ തന്റെ എല്ലാമായി കരുതുന്ന ഒരു വിശ്വാസിക്കുമാത്രമേ, ജീവിതത്തിലെ എന്തിനേയും ദൈവഹിതത്തോട് ചേർത്ത്വെച്ച് പരാതിയില്ലാതെ നിശബ്ദമായി, തൂങ്ങപ്പെട്ട ക്രിസ്തുവിന്റെ മറുവശത്ത്, സഹനങ്ങളും ഏറ്റെടുക്കാനാകൂ. സഹനങ്ങളില്ലാത്ത ജീവിതം സ്വപ്നങ്ങളിൽ മാത്രം. ആകയാൽ ഈ സഹനങ്ങളെ നമുക്കും നമ്മുടെ മക്കൾക്കായും, മാതാപിതാക്കൾക്കായും, സഹോദരങ്ങൾക്കായും, പൂർവ്വികർക്കായും, അയൽപക്കക്കാർക്കായും, അങ്ങനെ ലോകം മുഴുവന്റെ പാപങ്ങൾക്ക് പരിഹാരമായും, നമ്മുടെ നിയോഗങ്ങൾക്കായും സഹിച്ചാലെന്ത്? ഉത്ഥാനം അഥവാ രക്ഷ സുനിശ്ചിതമായ ഒന്നാകയാൽ നമ്മുടെ നിയോഗങ്ങൾ സാധിച്ച് കിട്ടി ഈ ലോകത്തിൽ തന്നെ ജീവിതം യഥാർത്ഥത്തിലുള്ള ആനന്ദമാക്കാൻ നമ്മുടെ ഈശോ ഇന്നും ജീവിക്കുന്ന ഈശോ, ഇടപെടാതിരിക്കുമോ. വിശ്വാസം സഹനത്തിലേക്കും സ്നേഹത്തിലേക്കും രക്ഷയിലേക്കും നമ്മെ നയിക്കുന്നു.

അതിനാൽ ക്രിസ്തു നമ്മുടെ ജീവിതത്തിലെ ഓരോ സെക്കന്റും മനസ്സിലും ചിന്തയിലും ഒരു സാന്നിദ്ധ്യമാകണം. എങ്കിൽ ഈ ജിവിതം എത്രസുന്ദരം! പിന്നെ നാം ആരേയും ഒന്നിനേയും ഭയപ്പെടേണ്ട ആവശ്യമില്ല. "ധൈര്യമായിരിക്കുക, ഞാൻ

നിന്നോടുകൂടെയുണ്ട്" (അപ്പ: 18:10) യേശു നമ്മോടുകൂടെയുണ്ട് എന്ന് വിശ്വസിക്കുന്നവൻ ഓരോ നിമിഷവും അവിടുത്തോടു ആലോചന ചോദിച്ചേ എന്തും തീരുമാനിക്കൂ. നമുക്ക് നമ്മുടെ ഈശോ എല്ലാമാണെങ്കിൽ നാം രോഗിയാണെങ്കിലും, പലരുടേയും പരിഹാസത്തിനും, വിമർശനത്തിനും ഇരയാകുന്നവനാണെങ്കിലും നമ്മുടെ യേശുചിന്ത എല്ലാം സഹിക്കാൻ നമുക്കു ശക്തി നൽകുന്നു. വി. മദർതെരേസ, വി. അൽഫോൻസാമ്മ, വി. ദേവസഹായം പിള്ള തുടങ്ങി നാം കേട്ടിട്ടുള്ളവരും അല്ലാത്തവരുമായ ഒരുപാട് വിശുദ്ധാത്മാക്കൾക്ക് സഹിച്ച് ജീവിക്കാൻ ശക്തിയേകിയത് ഈശോയെ സ്വന്തമാക്കിയതിനാലാണെന്ന പച്ചയായ യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. സഹനങ്ങളിൽ ആനന്ദിക്കുന്ന മനസ്സ് എത്ര ഭാഗ്യപ്പെട്ടതായിരിക്കും! അപ്പോൾ മറ്റുള്ളവർക്കെതിരെ പിറുപിറുക്കാനോ, പരാതിപ്പെടാനോ കുറ്റപ്പെടുത്താനോ നമുക്കവസരങ്ങളുണ്ടാകുന്നില്ല.

ഈശോയുടെ പ്രിയജനമെ, ഈശോയിൽനിന്നകലുമ്പോൾ നമ്മുടെ പഴയ മനുഷ്യൻ ഉണരുന്നതും, മറ്റുള്ളവരോട് കോപിക്കാനും സ്വയം നിരാശപ്പെടാനും ഉള്ള നമ്മുടെ പ്രവണത കൂടുന്നതും നാം ശ്രദ്ധിച്ചാൽ മനസ്സിലാകും. നമ്മുടെ സന്തോഷവും ഒപ്പം നമ്മോടു ബന്ധപ്പെട്ടവരുടെ സന്തോഷവും നാമില്ലാതെയാക്കുന്നു. വീണ്ടും മനസ്താപപ്പെട്ട് തിരിച്ചുവരുമ്പോഴാണ് യേശു നമുക്കാരാണെന്നും യേശുവില്ലെങ്കിൽ നമ്മുടെ ജീവിതം നിരാശാജനകവും വ്യർത്ഥവുമാണെന്ന് നാമറിയുന്നത്. ഈശോയുടെ കരുണയും സ്നേഹവും വ്യവസ്ഥകളില്ലാത്തതും പരിമിധിയില്ലാത്തതുമാകയാൽ ഇനിയും വൈകാതെ കഴിയും വേഗം നമുക്കെല്ലാവർക്കും ഈശോയുടേതാകാം; അവിടുത്തെ സ്നേഹം അനുഭവിക്കാം.


കാര്യസാധ്യത്തിനായി ഈശോയെ സമീപിക്കുന്ന വെറും ക്രിസ്ത്യാനിക്ക് ഈശോയുടെ സ്നേഹം അനുഭവിക്കാൻ ബുദ്ധിമുട്ട് തോന്നും. വി. ബൈബിളിൽ, സമ്പത്തെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കാൻ ഈശോ ഓർമ്മപ്പെടുത്തിയപ്പോൾ സങ്കടത്തോടെ ഈശോയിൽനിന്ന് അകന്ന ധനവാന്റെ ഉപമ ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു. സമ്പത്ത് എന്നതിനർത്ഥം ധനം എന്നതല്ലാതെ, നമ്മുടെ സ്വാർത്ഥ, പിശുക്ക്, വിഭാഗീയത, മദ്യപാനം, നിരീശ്വര ചിന്ത, സുഖലോലുപത തുടങ്ങി ഉപേക്ഷിക്കാനാകാതെ നിർബന്ധ ബുദ്ധിക്കടിമപ്പെട്ട് ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളും നമ്മെ ഈശോയിൽനിന്നകറ്റുന്നു. അതിനാലാണ് പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്കുത്തരം ലഭിക്കാതെ പോകുന്നത്. ഈശോയുടേതാകണമെങ്കിൽ സഹനത്തിലൂടെയുള്ള വിശുദ്ധീകരണം അനിവാര്യമാണ്. അത് ഏറ്റെടുക്കാൻ തയ്യാറല്ലാത്തവർക്ക് ഈശോ ആരുമല്ലാതാകുന്നു.

അതിനാൽ ക്രിസ്തുവിശ്വാസത്തിലുള്ള ജീവിതം മാതാപിതാക്കളിൽനിന്നാണ് മക്കൾ ആദ്യം പഠിക്കേണ്ടത്. മതാധ്യാപകർകർക്ക് രണ്ടാമത്തെ സ്ഥാനമേയുള്ളൂ. കുടുംബത്തിലെ പ്രശ്നങ്ങളും കഷ്ടപ്പാടുകളും സന്തോഷങ്ങളുമെല്ലാം ഈശോയുമായി ബന്ധിപ്പിച്ച് അനുഭവങ്ങളാക്കാൻ മാതാപിതാക്കൾ ശ്രദ്ധിച്ചാൽ അവരെ ക്രിസ്തുവിശ്വാസത്തിൽ വളർത്താൻ നമുക്ക് സാധിക്കും. അനുഭവങ്ങളും അടയാളങ്ങളുമാണ് ഇന്നത്തെ തലമുറ അന്വേഷിക്കുന്നത്. അതിനാൽ ക്രിസ്തു നമുക്കോരോരുത്തർക്കും നമ്മുടെ കുടുംബത്തിനും രാജാവും നാഥനും എല്ലാമാകുന്നത്. അനുഭവത്തിലൂടെ തിരിച്ചറിയാൻ പിതാവായ ദൈവം ഇടവരുത്തട്ടെയെന്ന പ്രാർത്ഥനയോടെ നിറുത്തട്ടെ.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

## സി.എൽ.സി. യൂണിറ്റ് ഭാരവാഹികൾ

**2023 - 2026**



ആൽഫിൻ പി. റൊണാൾഡ്
(പ്രസിഡണ്ട്)



സിയ ഷാജു
(സെക്രട്ടറി)



ശില്പ ഇ.ആർ.
(ട്രഷറർ)



ജെറിൻ ജെയ്മോൻ
(ജനറൽ കോ.ഓഡിനേറ്റർ)



അബിൻ ബാബു സി.
(വൈസ് പ്രസിഡണ്ട്)



സ്നേഹ ലോയ്ഡ്
(വൈസ് പ്രസിഡണ്ട്)



ജോയൽ ജെയ്മോൻ
(ജോ. സെക്രട്ടറി)



അഞ്ചൽ
(ജോ. സെക്രട്ടറി)



# കണ്ണിൽ കേട് നോക്കിയാൽ പകരുമോ?

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)



വൈറസ്, ബാക്ടീരിയ തുടങ്ങിയ സൂക്ഷ്മ ജീവികൾ കണ്ണിന്റെ കൺജങ്റ്റൈവയെ ബാധിച്ച് ഉണ്ടാകുന്ന ഒരു സാംക്രമിക രോഗമാണ് ചെങ്കണ്ണ് (Conjunctivitis). കണ്ണിനു ചുവപ്പുനിറം വരുന്നതിനാലാകം നാം ഇതിനെ ഈ പേരു വിളിക്കുന്നത്. വിദേശ രാജ്യങ്ങളിൽ ഇതു 'പിങ്ക് ഐ' (Pink eye) ആണ്. കണ്ണിന്റെ പാളിയെ ബാധിക്കുന്ന ഈ അസുഖത്തോടൊപ്പം ജലദോഷത്തിന്റെ ലക്ഷണങ്ങളും കാണാറുണ്ട്.

**ലക്ഷണങ്ങൾ**

കണ്ണിനു ചുവപ്പ് നിറം, തടിപ്പ്, കൺപോളകളിൽ വീക്കം, കണ്ണീർ ഒലിപ്പ്, പ്രകാശത്തിലേക്ക് നോക്കുമ്പോൾ അസ്വസ്ഥത, പീളകെട്ടുക, തുടങ്ങിയവയാണ് ലക്ഷണങ്ങൾ.

**കാരണം**

നേരത്തെ പറഞ്ഞിരുന്നതുപോലെ ബാക്ടീരിയ, വൈറസ് തുടങ്ങിയവരാണ് ഇതിനു കാരണക്കാർ. വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്കും അല്ലെങ്കിൽ മലിനമായ വസ്തുക്കളിൽ നിന്നോ വെള്ളത്തിലൂടെയോ വ്യാപിക്കാം. മലിനമായ വിരലുകൾ കൊണ്ട് കണ്ണിൽ സ്പർശിക്കുന്നത് ഒരു പ്രധാന കാരണമാണ്. കണ്ണിനു ചുറ്റുമുള്ള ചർമ്മത്തിൽ നിന്നോ ശ്വാസനാളത്തിൽ നിന്നോ, രോഗം ബാധിച്ച ആൾ ഉപയോഗിച്ച തോർത്ത്, ലെൻസ് (Contact Lenses) തുടങ്ങിയവയിൽ നിന്നെല്ലാം അണുബാധ കണ്ണിൽ എത്താം.

ചില വ്യക്തികളിൽ അലർജിയുടെ ഭാഗമായും ഇതു വരാറുണ്ട്. പൂമ്പൊടി, പൊടി, പുക, കൺമഷി, കണ്ണിലൊഴിക്കുന്ന ചില തുള്ളിമരുന്നുകൾ എന്നിവ ചിലരിൽ അലർജി ഉണ്ടാക്കാറുണ്ട്. വേനൽക്കാലത്ത് ഇതു വളരെ അധികം കണ്ടുവരുന്നു.

**പ്രതിരോധം**

ഞാൻ ആദ്യം ചോദിച്ച ചോദ്യം ഇവിടെ ആണ് പ്രസക്തമാകുന്നത്. പണ്ടുമുതലെ കേട്ടുവരുന്നതാണ് കണ്ണിൽ കേടുള്ളവരെ നോക്കിയാൽ കണ്ണിൽ കേടുവരുമെന്ന്. ഇതു തികച്ചും തെറ്റാണ്. ഒരു കുടും

ബത്തിലെ എല്ലാവരും ഒരുമിച്ചു താമസിക്കുമ്പോൾ അണുബാധ ഏറ്റആളുമായി കൂടുതൽ ഇടപെടുകയും കൈകൾ ശുചിത്വം വരുത്താതെ കണ്ണിൽ അല്ലെങ്കിൽ മുഖത്തോ തൊടുന്നതും അയാൾ ഉപയോഗിച്ച വസ്തുക്കൾ മറ്റുള്ളവർ ഉപയോഗിക്കുന്നതും സാധാരണമാണ്. ഇതാണ് ചെങ്കണ്ണ് പകരാൻ കാരണം. അല്ലാതെ അസുഖമുള്ളയാളെ നോക്കിയതുകൊണ്ട് നമുക്ക് ഒരിക്കലും അസുഖം വരില്ല.

ഏറ്റവും ഫലപ്രദമായ പ്രതിരോധം വ്യക്തിശുചിത്വമാണ്. കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകാതെ ഒരിക്കലും മുഖത്തോ കണ്ണിലോ തൊടരുത്. രോഗി ഉപയോഗിച്ച വസ്തുക്കൾ ഉപയോഗിക്കാതിരിക്കുക.

**മുലപ്പാൽ കണ്ണിൽകേടിന് ഉപയോഗിക്കാമോ?**

കുഞ്ഞിന്റെ ഭക്ഷണമെന്ന നിലയിൽ മുലപ്പാൽ അമൃതം തന്നെ. കണ്ണുകളുടെ അണുബാധക്ക് മറ്റും നമ്മുടെ നാട്ടിൽ മുലപ്പാൽ ഒഴിക്കാറുണ്ട്. കണ്ണിന്റെ അണുബാധക്ക് ഇത് ഫലപ്രദം അല്ല എന്നു മാത്രമല്ല കൃത്യമായ ചികിത്സ ലഭിക്കാതെ അണുബാധ വർദ്ധിച്ച് കാഴ്ച നഷ്ടപ്പെടാനും സാധ്യതയുണ്ട്.

**ചികിത്സ**

65% കൺജങ്റ്റിവൈറ്റിസ് കേസുകളും ചികിത്സയില്ലാതെ തന്നെ 2-5 ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടാറുണ്ട്.

**വൈറൽ**

ഇവ സാധാരണയായി സ്വയം പരിഹരിക്കപ്പെടാറുണ്ട്, ലക്ഷണങ്ങൾ കുറക്കാൻ ആന്റി ഹിസ്റ്റാമെൻസ് ഉപയോഗിക്കാറുണ്ട്.

**അലർജിക്**

മിതമായ കേസുകളിൽ കൃത്രിമമായ കണ്ണുനീർ തുള്ളികൾ ഉപയോഗിക്കാറുണ്ട്. കഠിനമായ കേസുകളിൽ ആന്റി ഇൻഫ്ളമേറ്ററി മരുന്നുകൾ (നീർക്കെട്ടിനു ഉള്ളത്) നിർദ്ദേശിക്കാറുണ്ട്.

**ബാക്ടീരിയ**

3 ദിവസത്തിനുശേഷവും ഒരു പുരോഗതിയും കണ്ടില്ലെങ്കിൽ ആന്റി ബയോട്ടിക് തുള്ളി മരുന്നുകൾ നൽകിവരുന്നു.

ആന്റിബയോട്ടിക്കുകളുടെ തിരഞ്ഞെടുപ്പ് അണുബാധക്ക് കാരണമാകുന്ന ബാക്ടീരിയകളെ അടിസ്ഥാനമാക്കി വ്യത്യാസപ്പെട്ടിരിക്കുന്നു.

പ്രധാനമായും ഇടവിട്ട് കൈകഴുകുന്നതിലൂടെയും അണുബാധയേറ്റ ആളുമായി സമ്പർക്കം കുറക്കുന്നതു വഴിയും വൈറൽ, ബാക്ടീരിയൽ ചെങ്കണ്ണിനെ നമുക്കു പ്രതിരോധിക്കാം.

കണ്ണുകൾ ഇടക്ക് തണുത്ത വെള്ളം ഉപയോഗിച്ച് കഴുകുന്നത് അലർജിക് ചെങ്കണ്ണിനെ കുറക്കാറുണ്ട്.

1-ാം ചരമവാർഷികം
05-09-2023





ചീരൻ ദേവസി ഭാര്യ

# ത്രേസ്യ

ശാന്തി നഗർ
പി.ഒ. കാണിപ്പയ്യൂർ
കുന്നംകുളം

ജനനം
05 – 01 – 1936

മരണം
05 – 09 – 2022

സന്തപ്ത കുടുംബാംഗങ്ങൾ

# സ്മരണാഞ്ജലി



7 -ാം
ചരമവാർഷികം
05 - 09 - 2023



മുട്ടത്ത് റപ്പായി

# ജോസ്

സന്തപ്ത കുടുംബാംഗങ്ങൾ

ഭാര്യ : റോസി
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


സ്മരണാഞ്ജലി
ചാഴൂർ പൗലോസ്
മത്തായി
ജനനം
07 – 12 – 1939
മരണം
07 – 08 – 2018
ചാഴൂർ മത്തായി ഭാര്യ
മേരി
ജനനം
29 – 02 – 1940
മരണം
23 – 09 – 2018
ചിറളയം - കുന്നംകുളം
സ്നേഹസ്മരണകളോടെ : ദുഃഖാർത്തരായ കുടുംബാംഗങ്ങൾ


സ്മരണാഞ്ജലി
18–ാം
ചരമവാർഷികം
10 – 09 – 2023
വാകയിൽ കൊച്ചപ്പു
വർഗ്ഗീസ്
ചിറളയം, കുന്നംകുളം
ഭാര്യ – മറിയാമ്മ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ
സന്തപ്തകുടുംബാംഗങ്ങൾ
Harry Joepaul | Jerry Joepaul | Julia Jose | Joffia Jose | Joyal Jose | Janet Joshy | Godwin Manoj | Grace Manoj

# പുസ്തക പരിചയം

സിസ്റ്റർ അൻസ ജോസ് CMC



## കുടുംബം സ്നേഹസമൂഹം
(Familiaris Consortio)

കുടുംബങ്ങളുടെ പാപ്പ എന്നറിയപ്പെടുന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പ കുടുംബത്തെക്കുറിച്ച് നൽകിയ ഏറ്റവും ശ്രദ്ധേയമായ പ്രബോധനമാണ് കുടുംബം സ്നേഹ സമൂഹം. 1981 നവംബർ 22ന് നൽകിയ കുടുംബത്തിന്റെ മാഗ്നാ കാർട്ട എന്നറിയപ്പെടുന്ന ഈ അപ്പസ്തോലികാഹ്വാനം രജത ജൂബിലി വർഷത്തിൽ (1981-2006) കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ലളിത ഭാഷയിൽ അവതരിപ്പിക്കുന്നു. ഫാ. ജോസ് കോട്ടയിൽ, റവ. ഡോ. സെബാസ്റ്റ്യൻ തോണിക്കുഴി, റവ. ഡോ. ജോർജ്ജ് കുരുക്കൂർ എന്നിവരാണ് പരിഭാഷകർ.

കുടുംബത്തിന്റെ സുസ്ഥിതി ഉറപ്പുവരുത്താൻ കുടുംബം സ്നേഹസമൂഹം എന്ന അപ്പസ്തോലികാഹ്വാനം ഏറെ സഹായകമായിട്ടുണ്ട്. ഈ വിലപ്പെട്ട പുസ്തകം എല്ലാ ക്രിസ്തീയ കുടുംബങ്ങളും വായിക്കുന്നത് നല്ലതാണ്. ഈശോ നൽകുന്ന ശാന്തിയും സമാധാനവും ഏറ്റെടുക്കാൻ എല്ലാ കുടുംബങ്ങൾക്കും ഇടവരട്ടെ

| | | |
|---|---|---|
| പുസ്തകത്തിന്റെ പേര് | : | കുടുംബം സ്നേഹസമൂഹം<br>(Familiaris Consortio) |
| രചന | : | ജോൺപോൾ II |
| പരിഭാഷകർ | : | റവ. ഫാ. ജോസ് കോട്ടയിൽ<br>റവ. ഡോ. സെബാസ്റ്റ്യൻ തോണിക്കുഴി<br>റവ. ഡോ. ജോർജ്ജ് കുരുക്കൂർ |
| വില | : | 50 രൂപ |
| പ്രസിദ്ധീകരണം | : | കെ.സി.ബി.സി. ഫാമിലി കമ്മീഷൻ |
| ഫോൺ | : | 0484 - 2403760 |

## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 01-09-2023 മുതൽ<br>08-09-2023 വരെ | 6.30 pm സെന്റ് മേരീസ് കപ്പേള |
| 12-09-2023 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |

# അനുബന്ധം 4
# സ്മരണീയമായ ചില തീയതികൾ

*(തുടർച്ച...)*

AD

1921 ഏപ്രിൽ 5 – വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ തിരഞ്ഞെടുപ്പ്. ജൂലൈ 6ന് അഭിഷേകം

1923 ഡിസംബർ 21 – പോർട്ടുഗീസുകാരുടെ ആഗമനം വരെ ഭാരതത്തിലെ കത്തോലിക്കാ സഭയ്ക്കു തങ്ങളുടേതായ സ്വയംഭരണസംവിധാനം ഉണ്ടായിരുന്നു. പദ്രുവാദോ അധികാരം ഭാരതത്തിൽ സ്ഥാപിതമായതോടെ അതു നഷ്ടപ്പെട്ടു. പിന്നീട് അനേകവർഷങ്ങളിലെ അഭ്യർത്ഥനയുടെ ഫലമായി എറണാകുളം അതിരൂപതയായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സമാന്തരൂപതകളായും പ്രഖ്യാപിച്ചുകൊണ്ട് വീണ്ടും സ്വന്തമായ ഭരണസംവിധാനം – ഹയരാർക്കി – സ്ഥാപിതമായി. (Romani Pontifices of Pius XI)

1923 ഡിസംബർ 21 – ആധുനിക കാലത്ത് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗുസ്തിനോസ് നിയമിച്ചു.

1924 നവംബർ 16 – മലയാള സുറിയാനി ഹയരാർക്കി സ്ഥാപന ബുള, മാർപാപ്പയാൽ നിയമിക്കപ്പെട്ട ലെപ്പിസിയെ (Lepicier) മെത്രാപ്പോലീത്ത എറണാകുളത്തുവച്ചു പരസ്യം ചെയ്തു. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തയെ പാലിയം ധരിപ്പിച്ചു.

1925 ജൂൺ 2 – റോമിൽ വച്ചു കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ ചരമം. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ. സംസ്കാര കർമ്മത്തിൽ കണ്ടത്തിൽ മെത്രാപ്പോലീത്ത പ്രധാന കാർമ്മികനായിരുന്നു.

1926 ജൂൺ 8 – വിശുദ്ധ മറിയം ത്രേസ്യയുടെ ചരമം

1927 ഒക്ടോബർ 29 – കാളാശ്ശേരിൽ മാർ യാക്കോബു മെത്രാന്റെ തിരഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം.

1929 ഫെബ്രുവരി 11 – വത്തിക്കാനും ഇറ്റലിയും തമ്മിൽ 'ലാറ്ററൻ ഉടമ്പടി'

1930 സെപ്തംബർ 20 – യാക്കോബായ സഭയിൽ നിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേയും മാർ തിയോഫിലസ് മെത്രാന്റേയും പുനരൈക്യം.

1932 ജൂൺ 1 - സുറിയാനിക്കാരുടെ വകയായ മംഗലപ്പുഴയിലുള്ള പഴയ സെമിനാരിക്കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻ പള്ളിയിലെ സീറോ മലബാർ സെമിനാരിയെപ്പോലെതന്നെ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിൽ Delegate Ap. Internuncip -യുടെ നേരിട്ടു ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനമാരംഭം.

1932 ജൂൺ 11 - സീറോ മലങ്കര ഹയരാർക്കി സ്ഥാപനം

1933 നവംബർ 6 - തിരുവല്ല രൂപത സ്ഥാപനം.

1933 ഡിസംബർ 9 - ഇന്ത്യാസ്വദേശികളിൽ ആദ്യമായി തിരുസിംഹാസന സഹായകൻ (Pontifics Solio adstans Praelatus Domesticus et Nobilis Comes) എന്നുള്ള സ്ഥാനം എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ ആഗസ്തിനോസിനു നൽകപ്പെട്ടു.

1937 നവംബർ 29 - മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം.

1939 മാർച്ച് 2 - പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ സ്ഥാനാരോഹണം.

1942 മേയ് 12 - വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ ചരമം

1944 മാർച്ച് 11 - ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ തിരഞ്ഞെടുപ്പ്. മേയ് 1 അഭിഷേകം.

1945 ജൂൺ 9 - തറയിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ് ഒക്ടോബർ 7 അഭിഷേകം.

1946 ജൂലൈ 28 - വിശുദ്ധ അൽഫോൻസാമ്മയുടെ ചരമം.

1949 ഒക്ടോബർ 27 - കാളാശ്ശേരി മാർ യാക്കോബു മെത്രാന്റെ ചരമം.

1950 ജനുവരി 6-18 - ബാംഗ്ലൂരിൽ വെച്ച് ഇന്ത്യയിലെ ആദ്യത്തെ പൊതു സൂനഹദോസ്. കർദ്ദിനാൾ തോമസ് ഗിൽറോയ് അദ്ധ്യക്ഷൻ. മൂന്നു റീത്തിലും പെട്ട മേലദ്ധ്യക്ഷന്മാരും പ്രതിനിധികളുമായി 56ഉം സഹായികളായി വേറെ 52ഉം പേർ പങ്കെടുത്തു (16 Sessions) തിരുസിംഹാസനത്തിന്റെ അംഗീകാരം 1951 മാർച്ച് 15.

*(തുടരും...)*

## ഇടവക പ്രതിനിധി യോഗം

**2023 സെപ്തംബർ 17 ഞായർ രാവിലെ 7.30ന്**

പാചക കോർണർ



# പൊട്ടുകടല മുറുക്ക്

ബിന്ദു രാജു

| | |
|---|---|
| വറുത്ത പുട്ടിന്റെ പൊടി | |
| അല്ലെങ്കിൽ ഉണക്ക് പൊടി | 3 നാഴി |
| പൊട്ട്കടല പൊടി | 1 നാഴി |
| ഡാൽഡ | 1 ടീസ്പൂൺ |
| തിളച്ച വെള്ളം | 2 കപ്പ് |
| ജീരകം, എള്ള്, ഉപ്പ് | ആവശ്യത്തിന് |

പുട്ടിന്റെ അരിപ്പയിൽ അരിച്ച പച്ചപൊടി മൂന്ന് ദിവസം വെയിലത്ത് വെച്ച് ഉണക്കിയെടുത്ത 3 നാഴി വേണം. വെള്ളത്തിൽ ഉപ്പും ഡാൽഡയും ഇട്ട് തിളപ്പിച്ച വെള്ളം അരിപ്പൊടിയിൽ ഒഴിച്ച് തവി കൊണ്ട് യോജിപ്പിക്കുക. പിന്നീട് പൊട്ട്കടലപൊടിയും, ജീരകം, എള്ള് എന്നിവയും ചേർത്ത് കുഴച്ച് മുറുക്കിന്റെ അച്ചിൽ ഇട്ട് തിളപ്പിച്ച എണ്ണയിലേക്ക് ഞെക്കി വറുത്തെടുക്കുക.

# കുമ്പളങ്ങ ഹൽവ



| | |
|---|---|
| കുമ്പളങ്ങ | 1 കി. |
| പഞ്ചസാര | 1 കി. |
| നെയ്യ് | 1 കപ്പ് |
| റോസ് എസ്സൻസ് | 1 ടീസ്പൂൺ |


കുമ്പളങ്ങ കഴുകി നുറുക്കി ആവിയിൽ നല്ലതുപോലെ വേവിച്ച് തരിയില്ലാതെ ഉടയ്ക്കണം. പഞ്ചസാര പാനിയാക്കി അതിൽ കുമ്പളങ്ങ ചേർത്ത് ഇളക്കി കട്ടിയാകുമ്പോൾ നെയ്യ് കുറെശ്ശെയായി ചേർത്ത് വാങ്ങുന്നതിന് അല്പം മുമ്പായി എസ്സൻസ് ചേർത്ത് നെയ്യ് പുരട്ടിയ പലകയിൽ പരത്തി ആറുമ്പോൾ ചെറിയ കഷണങ്ങളാക്കുക.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ......................................... ഫോൺ നമ്പർ :..................................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Evaniya Vinu, Class : 3 , St. Thomas Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................................... ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Abin C.S.**

Std : VI, St. Thomas Kudumbakoottayma

"ഒഴിക്ക്, അങ്ങ് ഒഴിക്കെടാ
വെള്ളം അങ്ങ് ഒഴിക്കടാ
ചെടിയങ്ങ് വളരട്ടെ"

# വചന കലണ്ടർ

## 2023 സെപ്തംബർ SEPTEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | **1**<br>റോമ 8:26–30<br>മർക്കോ 10:13–16 | **2**<br>2 തെസ 3:13–18<br>മർക്കോ 2:13–17 |
| **3**<br>നിയ 6:20–25<br>ഏശ 31:4–9<br>2 തെസ 1:3–10<br>ലൂക്കാ 18:35–43 | **4**<br>2 കോറി 12:1–6<br>ലൂക്കാ 18:35–43 | **5**<br>യാക്കോ 2:14–17<br>മത്താ 25:31–40 | **6**<br>ഗലാ 4:8–11<br>ലൂക്കാ 12:41–48 | **7**<br>1 പത്രോ 1:22–25<br>ലൂക്കാ 17:20–37 | **8**<br>വെളി 12:1–6<br>മത്താ 1:1–16 | **9**<br>2 പത്രോ 3:8–13<br>മത്താ 13:44–51 |
| **10**<br>നിയ 7:7–11<br>ഏശ 30:18–26<br>2 തെസ 2:14–3:3<br>മത്താ 13:1–9,8–23 | **11**<br>വെളി 7:9–17<br>മത്താ 19:27–30 | **12**<br>2 തിമോ 2:14–17<br>യോഹ 16:2–24 | **13**<br>1 തിമോ 1:3–11<br>മത്താ 7:1–6 | **14**<br>1 കോറി 1:18–25<br>ലൂക്കാ 24:13–27 | **15**<br>1 പത്രോ 2:19–25<br>ലൂക്കാ 13:6–9 | **16**<br>1 പത്രോ 2:11–19<br>മത്താ 8:5–13 |
| **17**<br>നിയ 8:18–20<br>ഏശ 33:13–24<br>ഫിലി 2:1–11<br>മത്താ 4:12–17 | **18**<br>ഫിലി 4:10–14<br>മത്താ 5:43–48 | **19**<br>2 പത്രോ 3:1–7<br>മത്താ 23:29–36 | **20**<br>1 തെസ 4:13–18<br>മത്താ 24:29–36 | **21**<br>ഹെബ്രാ 11:23–26<br>മത്താ 9:9–13 | **22**<br>2തിമോ 2:1–7<br>ലൂക്കാ 4:31–37 | **23**<br>കൊളോ 1:24–29<br>ലൂക്കാ 15:1–7 |
| **24**<br>നിയ 9:1–6<br>ഏശ 25:1–8<br>ഫിലി 3:1–11<br>മത്താ 17:14–21 | **25**<br>1 യോഹ 5:13–21<br>യോഹ 8:39–47 | **26**<br>റോമ 3:1–8<br>മത്താ 10:26–33 | **27**<br>1 കോറി 1:26–31<br>മത്താ 9:35–35 | **28**<br>2 പത്രോ 2:20–22<br>മത്താ 11:11,19–29 | **29**<br>വെളി 12:7–12<br>യോഹ 1:43–51 | **30**<br>2 തിമോ 3:12–17<br>മത്താ 13:44–52<br>എഫേ 3:14–19<br>മത്താ 18:1–5 |

# ഒന്നാം ചരമവാർഷികം

11-09-2023





## വലിയവീട്ടിൽ ജോണി
## വിൽസൻ

ജനനം
04-06-1963

ചിറളയം

മരണം
11-09-2022

*ദുഃഖസ്മരണകളോടെ...*

**അൽഫോൺസ, വിജോൺ, വിജിൻ, വിസ്മയ**




# T.T.DEVASSY JEWELLERY

SINCE 1941

## KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM